KFDDO/39020/2025-DFOKSGD/E

**Jose Mathew**
**Divisional Forest Officer**

Office of the Divisional Forest Officer
Kasaragod Division
Vanasree Complex
Udayagiri, Vidyanagar (PO)
Kasaragod - 671123
Ph : 04994 256119
email.ID – *dfo-kgd.for@kerala.gov.in*
Dated : 30.04.2026

**The Chief Conservator of Forests,**
**(IT), Thiruvananthapuram**

**The Chief Conservator of Forests,**
**Northern Circle**
**Kannnur**

Sir,

Sub : - E-auction notification of outright sale for publishing in the Website of Forest Department- reg

Ref : - Notification No. KFDDO/39020/2025-DFOKSGD/E dtd 30.04.2026

I am submitting herewith the e-auction notification No. KFDDO/39020/2025-DFOKSGD/E dtd 30.04.2026 of outright sale for publishing in the Forest Website. The auction is scheduled to be held on 05.05.2025 & 09.05.2026.

Encl : Auction notifications - 2 Nos

Yours faithfully

**Divisional Forest Officer**
**Kasaragod**

1. Copy with copy of notification transmitted to Divisional Forest Officer, Kannur /Flying Squad, Kannur & Assistant Conservator of Forests, Social Forestry, Kasaragod for affixing in the notice board.
2. Copy with copy of notification forwarded to Range Forest Officer, Kasaragod/Kanhangad for information and necessary action. Give wide publicity through notice board in Range Office and nearby Government offices

\\acer-pc\D\OFFICE MATTERS\KGE\2026\39020-25 dtd 30.04.2026 UKTL Auction notification.docx

<u>കാസറഗോഡ് വനം ഡിവിഷൻ</u>

തീയതി : 30.04.2026

KFDDO/39020/2025-DFOKSGD/E

കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റേഞ്ചിലെ പരപ്പ സെക്ഷൻ 1958 തേക്ക് ബിറ്റ്2 തോട്ടത്തിൽ നിന്ന് ശേഖരിച്ച കഴകളും, ഉഡുപ്പി - കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ ഭാഗമായി മുറിച്ചു ശേഖരിച്ച തേക്ക്, ഈട്ടി, തേക്ക് കഴകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) അവർകളുടെ 21.11.2015 ലെ പ്രൊ.(4)-26243/2013 നമ്പറായി 15.12.2015 ലെ 49-ാം നമ്പർ കേരള വാല്യം 4 ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ് - ലേല വ്യവസ്ഥകൾക്കും വനംവകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും വിധേയമായി പരസ്യ ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉത്പന്നങ്ങൾക്കു പുറമേ ടി ലേലത്തിനു മുമ്പുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉത്പന്നങ്ങളും ടി ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിനു മുമ്പ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ പെയ്മന്റ്/ഇ ട്രഷറി വഴി കെട്ടിവയ്ക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനുമാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ, വിജയിക്കുന്ന ലേലക്കാരൻ ലേലത്തുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട ഉത്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജിഎസ്ടി, വനവികസന നികുതി, വരുമാന നികുതി മറ്റു ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടക്കേണ്ടതുണ്ട്.

ലേലവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ ഈ ഓഫീസിൽ നിന്ന് ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ പെയ്മെന്റിനാവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർബാങ്കിങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ മെയിൽ അഡ്രസും) ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ പണമിടപാടു നടത്തുമ്പോഴും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ലേലപ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ഉത്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ലേലത്തിനു ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കു മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്കുവച്ചിട്ടുള്ള ഉത്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കഴിച്ചുള്ള ഉത്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളൂ.

| ക്രമ നം. | റേഞ്ച് | തോട്ടത്തിന്റെ പേര് | ഉത്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉത്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | ഉദ്ദേശ വില | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കാസറഗോഡ് | ഉഡുപ്പി - കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ ഭാഗമായി മുറിച്ചത് | കർമ്മംതോടി | Teak Poles - II A | 4 | 4200 | |
| 2 | | | | Teak Poles - III | 13 | 1900 | |
| 3 | | | | Teak Poles - IV | 6 | 800 | |
| 4 | | | | Teak Timber - TG IC | 1 | 135000 | |
| 5 | | | | Teak Timber - TG IIC | 3 | 89000 | |
| 6 | | | | Teak Timber -TG IIIC | 2 | 55000 | |
| 7 | | | | Teak Timber -TG IVC | 8 | 39000 | |
| 8 | | | | Rose wood- DL IIIC | 7 | 90000 | |
| 9 | | | | Rose wood - DL IVC | 4 | 67500 | |
| 10 | | 1958 തേക്ക് തോട്ടം ബിറ്റ് 2 | പരപ്പ ഡമ്പിങ്ങ് ഡിപ്പോ | Teak Poles - II C | 23 | 3800 | |

ലേല തീയതികൾ 05.05.2026, 08.05.2026, 12.05.2026

<u>നിരതദ്രവ്യം</u>

തേക്ക് കഴകൾ - 20,000/-
തേക്ക് /വീട്ടി തടികൾ - 50,000/-

\\Acer-Pc\D\OFFICE MATTERS\KGE\2026\39020-25 Dtd 30.04.2026 1958 TP Bit 2, UKTL Lelam Parasyam (Notification).Docx

ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ കാസറഗോഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് കാസറഗോഡ് - 04994 256119

റേഞ്ച് ഫോറസ്റ്റ് ഓഫീസ് കാസറഗോഡ് - 04994 225072

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

കാസറഗോഡ്

\\Acer-Pc\D\OFFICE MATTERS\KGE\2026\39020-25 Dtd 30.04.2026 1958 TP Bit 2, UKTL Lelam Parasyam (Notification).Docx

# കേരള വനംവകുപ്പ്
# കാസറഗോഡ് വനം ഡിവിഷൻ
# ഇ- ലേലപരസ്യം

KFDDO/39020/2025-DFOKSGD/E

തീയതി : 30.04.2026

കാസറഗോഡ് ഡിവിഷൻ, കാസറഗോഡ് റെയ്ഞ്ച്, കാറഡുക്ക സെക്ഷൻ പരിധിയിൽ വരുന്ന UKTL വൈദ്യുത ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട വനഭൂമിയിൽ നിൽക്കുന്നതും മാർക്കു ചെയ്തതുമായ നോൺ-ഡിപ്പോ ഡെലിവറിയായ പലജാതി മരങ്ങൾ നിൽക്കുന്ന അവസ്ഥയിൽ താഴെ പറയുന്ന തീയതികളിൽ 16.09.2014-ലെ വോള്യം III പാർട്ട് III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രാ.(4)29243/2013 നമ്പർ നിബന്ധനകളും, 04.11.2014-ലെ വോള്യം III പാർട്ട് III 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ.(4)29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV പാർട്ട് III 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ.(4)29243/2013 നമ്പർ വിജ്ഞാപനങ്ങൾക്കും, 15.01.2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 22/2014/വനം നമ്പർ സർക്കാർ ഉത്തരവിലും വിധേയമായി പരസ്യ ലേലം ചെയ്ത് വിൽക്കുന്നതാണ്.

മരങ്ങളുടെ വിശദ വിവരങ്ങൾ

| ക്രമ നമ്പർ | കൂപ്പിന്റെ വിവരണം | മരത്തിന്റെ ഇനം | എണ്ണം | ലഭിക്കാവുന്ന തടികളുടെ അളവ് ($m^3$) | ലഭിക്കാവുന്ന വിറകിന്റെ ഉദ്ദേശം അളവ് (MT) |
|---|---|---|---|---|---|
| 1 | കാസറഗോഡ് റെയ്ഞ്ച്, കാറഡുക്ക സെക്ഷൻ പരിധിയിൽ വരുന്ന UKTL വൈദ്യുത ലൈൻ നിർമ്മാണത്തിനായി മാർക്ക് ചെയ്ത നോൺ-ഡിപ്പോ ഡെലിവറി മരങ്ങൾ SPAN 71-70 | മൃദു/പല ജാതി മരങ്ങൾ | 25 | 8.927 | 6.025 |
| 2 | കാസറഗോഡ് റെയ്ഞ്ച്, കാറഡുക്ക സെക്ഷൻ പരിധിയിൽ വരുന്ന UKTL | മൃദു/പല ജാതി | 32 | 12.662 | 7.6565 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുത ലൈൻ നിർമ്മാണത്തിനായി മാർക്ക് ചെയ്ത നോൺ-ഡിപ്പോ ഡെലിവറി മരങ്ങൾ SPAN 72-71 | മരങ്ങൾ | | | |

ഇ-ലേല തീയതി : 09.05.2026

പകരം ഇ-ലേല തീയതികൾ : 12.05.2026, 17.05.2026

നിരതദ്രവ്യം : 25,000/-

ലേലം ചെയ്യുന്ന മരങ്ങൾ, വിറക് എന്നിവ 25,000/- രൂപ നിരതദ്രവ്യം ഇ-ട്രഷറി മുഖേനയോ, കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാസറഗോഡ് സിവിൽ സ്റ്റേഷൻ ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അടക്കാവുന്നതും, ചലാൻ/ഡിമാന്റ് ഡ്രാഫ്റ്റ് ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ, കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാസറഗോഡ് സിവിൽ സ്റ്റേഷൻ ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ, കാസറഗോഡ് സബ് ട്രഷറിയിൽ ചലാൻ മുഖേനയോ അടക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട വസ്തുവിന്റെ ബാക്കി തുക അടക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ ഡിമാന്റ് ഡ്രാഫ്റ്റ് നൽകേണ്ടതാണ്.

ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ഇലേലത്തിലും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള പലജാതി മരങ്ങളുടെ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
വനശ്രീ കോംപ്ലക്സ്
ഉദയഗിരി, വിദ്യാനഗർ (പി.ഒ)
കാസറഗോഡ് - 671123
ഫോൺ : 04994 256119
email id - *dfo-kgd.for@kerala.gov.in*

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാസറഗോഡ്.
റെയിൽവേ സ്റ്റേഷന് സമീപം, കാസറഗോഡ്.
കാസറഗോഡ്. പി.ഒ - 671121
Ph: 04994 225072, 8547602576
Email id: ro-ksgd.for@kerala.gov.in

## നിബന്ധനകൾ

1. ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിന്നത്. പട്ടികയിലെ നിൽപ്പ് മരങ്ങൾ വിൽപ്പനയിലൂടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.
2. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി മരങ്ങളുടെ നിൽപ്പ് സ്ഥിതി കണ്ട് ബോദ്ധ്യപ്പെടേണ്ടതും, ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുൻപായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനുശേഷം അവ സംബന്ധിച്ച് യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.
3. കൂടുതൽ വിവരങ്ങൾ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, കാസറഗോഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവർത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.
4. കൂടുതൽ തുകക്ക് ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 35% തുകയും, 10% ഡിപ്പോസിറ്റും ലേലം അംഗീകരിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ, ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ . പുനർലേലം ചെയ്യുന്നതുമായിരിക്കും.

5. ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാണ്.

6. ലേലത്തിൽ പങ്കെടുത്ത് കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ 200/- രൂപ മുദ്രപത്രത്തചന്റ ഒരു ബൗണ്ടൻ ഉടമ്പടി കൂടി ലേലം അംഗീകരിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം ഒപ്പ് വക്കേണ്ടതാണ്.

7. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 5% എഫ്.ഡി.ടി.യും, വിലയും എഫ്.ഡി.ടി.യും ചേർന്ന തുകയുടെ 18% ജി.എസ്.ടി.യും, വിലയും, ജി.എസ്.ടി.യും, എഫ്.ഡി.ടി.യും ഉൾപ്പെടുന്ന തുകയുടെ 2.5% ആദായ നികുതിയും (പാൻ കാർഡ് ഇല്ലാത്തവർ 20% ആദായ നികുതി ഒടുക്കേണ്ടതാണ്) ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റും വച്ച് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ ടി തുകകൾ ഒടുക്കാൻ കഴിയാതെ വന്നാൽ 18% പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് 30 ദിവസത്തേക്കും., 24% പലിശ നിരക്കിൽ വീണ്ടും 30 ദിവസത്തേക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.

8. മുകളിലെ വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ലേലക്കാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടി ലേലം റദ്ദ് ചെയ്യുന്നതും, ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

9. ഉടമ്പടി കാലാവധി, ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 30 ദിവസമാണ്. സാധരണ ഗതിയിൽ മരം മുറിച്ച് കടത്തിക്കൊണ്ടുപോകുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രണ്ട് മാസം വരെ നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

10. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും മുറിച്ച് നീക്കം ചെയ്യാതെ നിൽക്കുന്ന മരങ്ങളും, മുറിച്ച് നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ഉടമ്പടിക്കാരൻ ചെയ്ത് തീർക്കുവാനുള്ള ബാക്കി

ജോലികൾ ഡിപ്പാർട്ടുമെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചിലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

11. ടി മരങ്ങളിൽ നിന്നും ശേഖരിച്ച് വരുന്ന തടിയും, വിറകും നീക്കം ചെയ്യാനുള്ള ലൈസൻസ് നൽകുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

12. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ, അയാളുടെ ആളുകളോ വനത്തിൽ പ്രവേശിക്കാൻ പാടുള്ളൂ.

13. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ, റിസർവ്വിലേയോ മറ്റ് മരങ്ങൾക്കും, തടികൾക്കും, സമീപമുള്ള വീടുകൾക്കും വിളകൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്താൻ പാടില്ല. അങ്ങിനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.

14. കരാർ പ്രകാരമുള്ള ജോലിയുടെ നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത ജോലിക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്കോ മറ്റ് ജോലിക്കാർക്കോ ഉണ്ടായേക്കാവുന്ന അപകടം, മരണം തുടങ്ങിയവയ്ക്കും, കരാറുകാരൻറെയോ മറ്റുള്ളവരുടെയോ സാധന സാമഗ്രികൾക്കോ, യന്ത്രങ്ങൾക്കോ, വാഹനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വനംവകുപ്പോ, കേരള സർക്കാരോ യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കുന്നതുമാണ്. അവിചാരിതമായ കാരണങ്ങളാലോ, മോശമായ കാലാവസ്ഥമൂലമോ ഉടമ്പടി കാലാവധിക്കുള്ളിൽ ഉൽപ്പന്നങ്ങൾ നീക്കം ചെയ്ത് കൊണ്ടുപോകാൻ കഴിയാതെ വന്നാൽ നിയമാനുസൃത തറവാടക ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

15. മരത്തിന് 0.4 കി.മീറ്റർ (2 ഫർലോംഗ്) ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ അനധികൃത കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. അനധികൃത കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉടമ്പടിക്കാരൻ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടാവുന്നതാണ്.

16. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കു ശേഷം സർക്കാരിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ ടി തുകയിൽ നിന്നും ഈടാക്കിയതിനു ശേഷം ബാക്കി തുക തിരിച്ച് നൽകുന്നതാണ്.

17. ലേലത്തിലെ വകുപ്പുകൾ പ്രകാരം സർക്കാരിലേക്ക് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെന്റിൽ നിന്നും ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുകാരൻ/ലേലക്കാരൻ അടക്കാൻ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത തുക ഭൂനിതി കുടിശ്ശികയായി പരിഗണിച്ച്

നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

18. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതുനിബന്ധനകളും ഈ ദർഘാസ്/ലേലത്തിലും ബാധകമായിരിക്കും.

ജോസ് മാത്യു
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കാസറഗോഡ്
(കേരളാ ഗവർണ്ണർക്ക് വേണ്ടി)

\\acer-pc\D\OFFICE MATTERS\KGE\2026\39020-25 dtd 30.04.2026 UKTL Auction notification.docx